DESPATCHED
On..1.9.1.31.2020
31/01/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic@kerala.nic.in**

## ഹർജി നമ്പർ CP No.667(6)/2015/എസ്.ഐ.സി.

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.8528/എസ്.ഐ.സി–ജി 5/2015)**

**സന്നിഹിതൻ**

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. ജോസഫ് കുര്യൻ,
അരിക്കൊടി വീട്, പുളിങ്കുന്ന് പി.ഒ.,
ആലപ്പുഴ-688 504 — പരാതി ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   സെക്രട്ടറി, പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്,
   പുളിങ്കുന്ന് പി.ഒ., ആലപ്പുഴ -688504
2. അപ്പീൽ അധികാരി & പഞ്ചായത്ത്
   ഡെപ്യൂട്ടി ഡയറക്ടർ, സിവിൽ സ്റ്റേഷൻ പി.ഒ.,
   ആലപ്പുഴ

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 16.03.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.04.2015 |
| പരാതി ഹർജി നൽകിയ തീയതി | 21.05.2015 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 21.05.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 02.07.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | – |
| ഹിയറിംഗ് തീയതി & സ്ഥലം | 31.01.2020 വീഡിയോ കോൺഫറൻസ് ഹാൾ ആലപ്പുഴ കളക്ടറേറ്റ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>എതിർകക്ഷി<br>പരാതി ഹർജിക്കാരൻ | <br>ഹാജരായി<br>ഹാജരായില്ല |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ജോസഫ് കുര്യൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ആരെക്കുറിച്ച് വിവരം തേടിയോ ആ ആളിന് ടിയാന്റെ അപേക്ഷ നൽകിയെന്നും അപ്രകാരം ബന്ധപ്പെട്ട കക്ഷി ടിയാന്റെ അപേക്ഷ പിൻവലിക്കാൻ ആവശ്യപ്പെട്ടുവെന്നും ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തമായി നൽകിയില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i. പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിലെ ജനപ്രതിനിധി, പിപ്പരി, പിപ്പിരിച്ചൽ, ഫെബിരിച്ച ജോസഫ് ദേവസ്യ, ജോസ് ദേവസ്യ എന്നീ പേരുകളിൽ അറിയപ്പെടുന്ന വാർഡു മെമ്പറുടെ ഔദ്യോഗിക/യഥാർത്ഥ പേര് എന്താണെന്നും

ii. ടിയാൻ ആദ്യമായി ഗ്രാമപഞ്ചായത്തിലേക്ക് മത്സരിച്ചത് ഏതു പേരിലായിരുന്നുവെന്നും

iii. ടിയാൻ ഇപ്പോൾ ജനപ്രതിനിധിയായത് ഏതു പേരിൽ മത്സരിച്ചായിരുന്നുവെന്നും

iv. വിവിധ പേരുകളിൽ മത്സരിക്കുമ്പോൾ ഗസറ്റിൽ പരസ്യം ചേർക്കേണ്ടതുണ്ടോ എന്നും മറ്റുമായി 10 പ്രധാന ഇനങ്ങളിലും ഉപഇനങ്ങളിലുമായുള്ള വിവരങ്ങളാണ്.

ടി അപേക്ഷയിന്മേൽ എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. തുടർന്ന് ഹർജിക്കാരൻ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (രണ്ടാം എതിർകക്ഷി) മുമ്പാകെ എതിർകക്ഷി നൽകിയ മറുപടി സംബന്ധിച്ച് ആക്ഷേപം ഉന്നയിച്ചിട്ടുള്ളതായും ആയതിന്റെ പകർപ്പ് സംസ്ഥാന വിവരാവകാശ കമ്മീഷന് അയച്ചു നൽകിയിട്ടുള്ളതായും അത്തരത്തിലുള്ള പരാതിയുടെ പകർപ്പാണ് കമ്മീഷൻ പരാതി ഹർജിയായി ഫയലിൽ സ്വീകരിച്ചിട്ടുള്ളതെന്നും കാണുന്നു.

3. ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്, ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ സമർപ്പിച്ച ഒന്നാം അപ്പീൽ ഹർജിയുടെ പകർപ്പാണെന്നും ആയത് ഹർജിക്കാരൻ സംസ്ഥാന വിവരാവകാശ കമ്മീഷനും, സംസ്ഥാന മുഖ്യമന്ത്രിക്കും, പത്രമാധ്യമങ്ങൾക്കും നൽകുകയാണുണ്ടായതെന്നും കാണുന്നു. ആയതാണ് കമ്മീഷനിൽ പരാതി ഹർജിയായി സ്വീകരിച്ചത്. ആയത് പരാതി ഹർജിയായി സ്വീകരിക്കേണ്ടിയിരുന്നില്ല. ഒന്നാം അപ്പീൽ അധികാരി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ എന്തെങ്കിലും ആക്ഷേപമുണ്ടായിരുന്നെങ്കിൽ ആയതു ചൂണ്ടിക്കാട്ടി രണ്ടാം അപ്പീൽ ഹർജി സമർപ്പിക്കുകയാണ് വേണ്ടിയിരുന്നത്. അത്തരത്തിലുള്ള അപ്പീൽ ഹർജി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ലാത്തതായി കാണുന്നതിനാൽ,

ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലാ എന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020, ജനുവരി 31-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

അഡീഷണൽ സെക്രട്ടറി (നിയമം)

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM

dp

RIGHT TO INFORMATION